**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1342** **07-10-2021 - ൽ മറുപടിയ്ക്ക്**

**ലിംഗവിവേചനം സൃഷ്ടിക്കുന്ന പാഠഭാഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്രീ-പ്രൈമറി വിദ്യാഭ്യാസ തലങ്ങളിലെ പാഠപുസ്തകങ്ങളിൽ ലിംഗവിവേചന ധ്വനി സൃഷ്ടിക്കുന്ന പാഠഭാഗങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പ്രീസ്കൂൾ കുട്ടികൾക്കായി പ്രവർത്തനക്കാർഡുകൾ ഉൾപ്പെടുത്തിയ പ്രവർത്തന പുസ്തകങ്ങളാണ് എസ്.സി.ഇ.ആർ.ടി തയാറാക്കിയിട്ടുള്ളത്. പ്രസ്തുത പുസ്തകത്തിലെ ഉള്ളടക്കത്തിൽ (ചിത്രങ്ങളുൾപ്പെടെ) ലിംഗസമത്വം ഉറപ്പാക്കുന്നതിന് പരമാവധി ശ്രദ്ധിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഉചിതമായ പരിശോധന നടത്തി ആയത് മാറ്റാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി 1 മുതൽ 12 വരെ ക്ലാസുകളിലെ പഠനവിനിമയ സാമഗ്രികൾ പരിശോധിച്ച് ലിംഗസമത്വം ഉറപ്പാക്കുന്നതിനുള്ള ജെൻഡർ ആഡിറ്റിംഗ് നടത്തുന്നതിനുള്ള പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | പ്രീ-പ്രൈമറി തലം മുതൽ ലിംഗ സമത്വത്തിലധിഷ്ഠിതമായ രീതിയിൽ വിദ്യാഭ്യാസ സിലബസുകളിൽ മാറ്റം വരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | പാഠ്യപദ്ധതി പരിഷ്കരണവേളയിൽ ലിംഗസമത്വത്തിലധിഷ്ഠിതമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള ആവശ്യമായ മാറ്റം സിലബസുകളിൽ വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ